## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1418 — 04.02.2019-ൽ മറുപടിക്ക്

## മത്സ്യബന്ധന മേഖലയിൽ ഇന്ധന സബ്സിഡി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>,, കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എം.ഉമ്മർ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | അടിയ്ക്കടിയുണ്ടാകുന്ന ഡീസൽവില വർദ്ധനവ് മൂലം മത്സ്യബന്ധന മേഖല അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു;വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഡീസൽ സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് ബി.പി.എൽ. വിഭാഗത്തിന് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇത് പുനഃപരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യഫെഡ് വഴി സബ്സിഡി നിരക്കിൽ ലഭിക്കുന്ന മണ്ണെണ്ണയുടെ സബ്സിഡി യഥാസമയം ലഭിക്കാത്തത് മത്സ്യത്തൊഴിലാളികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയില്ലാതെ സബ്സിഡി വിതരണം നടത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾക്കുള്ള വെള്ള മണ്ണെണ്ണ സബ്സിഡിക്കായി 2018-19 ബഡ്ജറ്റിൽ 51.25 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 21.70 കോടി സബ്സിഡി കുടിശ്ശികയ്ക്കായി നൽകി കഴിഞ്ഞു. ആയതനുസരിച്ച് 2018 ആഗസ്റ്റ് മാസം വരെയുള്ള തുക ഗുണഭോക്താക്കൾക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. 2018 നവംബർ മാസം വരെയുള്ള തുക ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണെണ്ണ സബ്സിഡി തുക DBT ആയി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. സബ്സിഡി തുക യഥാസമയം മത്സ്യഫെഡ് വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കുന്ന ഇന്ധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളുടെ മാതൃകയിൽ നികുതിഇളവ്/സബ്സിഡി നൽകണമെന്ന ആവശ്യം ഈ മേഖലയിൽ നിന്നും ഉയർന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും | (സി) | ഉയർന്നിട്ടുണ്ട്. മത്സ്യബന്ധനത്തിനുള്ള ഇന്ധനം അടിസ്ഥാന വിലയിൽ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് മത്സ്യഫെഡ് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്ര പെട്രോളിയം മന്ത്രിക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം നൽകുകയും |

| | | | |
|---|---|---|---|
| | തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | ബഹു.മന്ത്രിയെ നേരിട്ട് കണ്ട് പ്രസ്തുത വിഷയം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നവംബർ 10, 11 തീയതികളിലായി എറണാകുളം CMFRI – ൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും. യോഗ തീരുമാനങ്ങളിലൊന്ന് മണ്ണെണ്ണയുടെ ഉയർന്ന വില കുറയ്ക്കാനും മത്സ്യബന്ധനയാനങ്ങൾക്ക് നല്കുന്ന ഡീസലിന് നികുതി ഒഴിവാക്കുന്നതിനും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയെന്നതായിരുന്നു. |

**സെക്ഷൻ ഓഫീസർ**